LIBRARY ARCHIVES Kerala Legislative Assembly

മന്തുനിവാരണ മരുന്ന് വിതരണം

143 [968] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം ഭാഗത്ത് മന്ത് രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് മുഴുവൻ ആളുകൾക്കും മന്തുരോഗ നിവാരണ മരുന്ന് നൽകുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കേരളത്തിൽ മന്തുരോഗ നിവാരണ മരുന്ന് വിതരണം ചെയ്യാനുള്ള ചുമതല ഏതു കമ്പനിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും അവർക്ക് എന്തു തുകയ്ക്കുള്ള കരാറാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളൊഴികെ മറ്റ് പതിനൊന്ന് ജില്ലകളിലും മന്തുരോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരളത്തിൽ പ്രധാനമായും തീരപ്രദേശങ്ങളിലും പാലക്കാട് ജില്ലയിലെ മുനിസിപ്പൽ പ്രദേശത്തും, ചുറ്റുപാടുമുള്ള ഏതാനും പഞ്ചായത്തുകളിലും, തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ കിഴക്കൻ പ്രദേശങ്ങളിലും മന്തുരോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) മുൻകാലങ്ങളിൽ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ 11 ജില്ലകളിൽ മന്തുരോഗ നിവാരണ മരുന്ന് നൽകുന്നതിന് ദേശീയ വെക്ടർബോൺ ഡിസീസസ് കൺട്രോൾ പ്രോഗ്രാം, ഡൽഹി ശുപാർശ ചെയ്യുകയായിരുന്നു. ആഗോള തലത്തിലുള്ള മന്തുരോഗ നിവാരണ പരിപാടിയുടെ ഭാഗമായി ലോക ആരോഗ്യ അസംബ്ലി വിഭാവന ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് സമൂഹ മന്തുരോഗ ചികിത്സ. ഇതിലൂടെ മന്തുരോഗാണു വാഹകരിലുള്ള ചെറുവിരകളെ (മൈക്രോഫൈലേറിയ) നശിപ്പിക്കുക വഴി രോഗ സംക്രമണം തടയുന്നതാണ്.

(സി) കേരളത്തിൽ മന്തുരോഗ നിവാരണ മരുന്ന്, കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലുള്ള ദേശീയ വെക്ടർ ബോൺ ഡിസീസസ് കൺട്രോൾ പ്രോഗ്രാം, ഡൽഹിയിൽ നിന്നും സൗജന്യമായിട്ടാണ് ലഭ്യമാക്കിയിട്ടുള്ളത്. മദ്ധ്യപ്രദേശിൽ, ഇൻഡോർ ആസ്ഥാനമായുള്ള പ്യൂവർ ഫാർമ എന്ന സ്ഥാപത്തിൽനിന്നും "റെറ്റ്സ്" എന്ന ഏജൻസി വഴിയാണ് കേരളത്തിൽ ഗുളിക ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. കൂടാതെ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൻ കീഴിലുള്ള ചെന്നൈയിലെ ഗവ. മെഡിക്കൽ സ്റ്റോർ ഡിപ്പോ വഴിയും മന്തുരോഗ നിവാരണത്തിനുള്ള ഗുളിക ലഭ്യമാക്കിയിട്ടുണ്ട്.